## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*423 21/03/2018-ൽ മറുപടിക്ക്

## രക്തബാങ്കുകളുടെ പ്രവർത്തനം നവീകരിക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ രക്തബാങ്കുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | എ) | സംസ്ഥാനത്തുള്ള 37 സർക്കാർ രക്തബാങ്കുകളിൽ 26 എണ്ണം രക്തഘടകവേർതിരിക്കൽ യൂണിറ്റുകളാണ്. ബാക്കിയുള്ള 11 രക്ത ബാങ്കുകളിൽ 2 എണ്ണത്തെ (തൃശ്ശൂർ ജില്ലാ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി) രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു അസോസിയേറ്റ് പ്രൊഫസറുടെ അടക്കം 6 തസ്തികകൾ സൃഷ്ടിച്ച് ആധുനികമായ രക്തബാങ്ക് ശക്തിപ്പെടുത്തി. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ആധുനികമായ രക്തഘടക വേർതിരിക്കൽ യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി, കോട്ടയം ജില്ലാ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ രക്ത ബാങ്കുകളെ രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കുന്നതിനും ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ രക്തഘടക വേർതിരിക്കൽ യൂണിറ്റ് തുടങ്ങുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതത്തിൽ (സ്റ്റേറ്റ് പ്ലാൻ ഫണ്ട്) തുക അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് രക്ത ബാങ്ക് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | ബി) | പുതിയതായി 5 സർക്കാർ ആശുപത്രികളിൽ രക്ത സംഭരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. (W&C ആശുപത്രി മട്ടാഞ്ചേരി, ശാസ്താംകോട്ട താലൂക്ക് ആശുപത്രി, ചെങ്ങന്നൂർ താലൂക്ക് ആശുപത്രി, ചിറ്റൂർ താലൂക്ക് ആശുപത്രി, മലപ്പുറം താലൂക്ക് ആശുപത്രി) വർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന എല്ലാ താലൂക്ക് ആശുപത്രികളിലും രക്ത ബാങ്കുകൾ ആരംഭിക്കുന്നതാണ്. നിലവിൽ പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം അവശ്യമായി വരുന്ന ആശുപത്രികളിലാണ് ബ്ലഡ് ബാങ്ക് ലൈസൻസ് യൂണിറ്റുകൾ അനുവദിക്കുന്നത്. ഇതനുസരിച്ച് 5 താലൂക്ക് ആശുപത്രികളിലാണ് ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നത്. ഇതിൽ രണ്ടെണ്ണം രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാണ് (താലൂക്ക് ആശുപത്രി പുനലൂർ, സുൽത്താൻ ബത്തേരി). പ്രതിവർഷം 2000 യൂണിറ്റിൽ കുറവ് രക്തം ആവശ്യം വരുന്ന ആശുപത്രികളിൽ രക്ത സംഭരണ യൂണിറ്റുകളാണ് സ്ഥാപിക്കുന്നത്. അതിൽ 36 താലൂക്ക് ആശുപത്രികളിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള താലൂക്ക് ആശുപത്രികളിൽ രക്തം ആവശ്യം വരുന്ന മുറക്ക് ഘട്ടം ഘട്ടമായി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) | സ്വകാര്യ രക്തബാങ്കുകൾക്ക് സർക്കാർ അനുമതി നൽകുന്നുണ്ടോ; എങ്കിൽ ഇവയ്ക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കുമോ? | സി) | ഉണ്ട്. സ്വകാര്യ ആശുപത്രികളോടനുബന്ധിച്ചുള്ള ബ്ലഡ് ബാങ്കുകൾക്കുമാത്രമാണ് നിലവിൽ ലൈസൻസ് അനുവദിക്കുന്നത്. എന്നാൽ ബ്ലഡ് ബാങ്ക് മാത്രമായി പ്രവർത്തിക്കുന്നതിന് വ്യക്തികൾക്ക് അനുമതി നൽകുന്നത് 2005 മുതൽ നിയമപരമായി നിർത്തലാക്കിയിട്ടുണ്ട്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് അനുശാസിക്കുന്ന രീതിയിലുള്ള സ്ഥല സൗകര്യങ്ങൾ, രക്തപരിശോധനയ്ക്കായുള്ള ഉപകരണങ്ങൾ, രക്തം സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനങ്ങൾ എന്നിവ സജ്ജമാക്കുകയും യോഗ്യതയും പ്രവർത്തി പരിചയവുമുള്ള മെഡിക്കൽ ഓഫീസർ, ബ്ലഡ് ബാങ്ക് |

| | | | |
|---|---|---|---|
| | | | ടെക്നീഷ്യൻ, സ്റ്റാഫ് നേഴ്സ് എന്നിവരെ നിയമിക്കുകയും ചെയ്തതിനുശേഷം സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനിലെയും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെയും ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംയുക്തമായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) സംസ്ഥാന ഡ്രഗ്സ് കൺട്രോളർ എന്നിവർ ചേർന്ന് ലൈസെൻസ് അനുവദിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ലൈസൻസ് കാലാവധി 5 വർഷമാണ്. |

സെക്ഷൻ ഓഫീസർ